1. (1) This Regulation may be called "the Cochin Poisons Regulation, of 111 ."

Short title, extent and commencement.

(2) It extends to the whole of Cochin and it shall come into force at once.

Clause put and carried.

Mr. President.—The question is that the title and preamble stand part of the Bill.

The Cochin Poisons Bill

Whereas it is expedient to make provision for regulating the importation, possession and sale of poisons throughout Cochin; It is hereby enacted as follows.—

Preamble.

Title and preamble put and carried.

Mr. Thomas Manjuran.—I beg to move that the Bill be taken up and passed tomorrow.

Mr. T. S. Narayana Ayyar.—I second it.

Motion put and carried.

Resolutions (contd.)

15. Abolition of Unapproachability and Untouchability in the State (contd.)

മിസ്റ്റർ കെ. അയ്യപ്പൻ.— സർ, ബഹുമാനപ്പെട്ട ഊരകം മെമ്പർ ഈ പ്രമേയം അവതരിപ്പിച്ചതിൽ എനിയ്ക്കു വലിയ സന്തോഷമുണ്ട്. ഇൻഡ്യയിലെ മറ്റു രാജ്യങ്ങളിൽ ഈ കാര്യത്തിൽ ഗവമ്മെണ്ടുകൾക്കുള്ള വിഷമം ഈ കൊച്ചിരാജ്യത്തില്ലെന്നുള്ളതു വളരെ ആശ്വാസകരമാണ്. ഈ നിയമസഭ ഈ പ്രമേയം രണ്ടു മൂന്നു പ്രാവശ്യം ശുപാർശ ചെയ്തുകഴിഞ്ഞു. സാധാരണ ഇങ്ങിനെയുള്ള സാമുദായിക കാര്യങ്ങൾ വരുമ്പോൾ പൊതുജനാഭിപ്രായം എതിരായി നില്ക്കുന്നതുകൊണ്ട് ഗവമ്മെണ്ടിനു് ഒന്നും ചെയ്യുവാൻ സാധിയ്ക്കുന്നില്ലെന്നുള്ള വിഷമമാണുള്ളതു്. എന്നാൽ കൊച്ചി ഗവമ്മെണ്ടിനു് ഈ കാര്യത്തിൽ അങ്ങിനെ ഒരു വിഷമവുമില്ല. പൊതുജനാഭിപ്രായം, പ്രത്യേകിച്ചു് ഈ കാര്യത്തിൽ അധികം എതിരായി വരുമെന്നു് പ്രതീക്ഷിയ്ക്കപ്പെടാവുന്ന ജാതി ഹിന്ദുക്കളുടെ ഇടയിലുള്ള പൊതുജനാഭിപ്രായം ഗവമ്മെണ്ടിനു സംശയഃക്രടാത്ത നിലയിൽ ഈ നിശ്ചയം സ്വീകരിയ്ക്കണമെന്നു ശുപാർശചെയ്തിരിയ്ക്കുന്നു. അതു കൌശലത്തിൽനിന്നുകൊണ്ടു ചെയ്തിട്ടുള്ള ഒരു ശുപാർശയല്ല. വളരെ ഗാഢമായി ആലോചിച്ചതിന്റെശേഷം, വളരെ പ്രക്ഷോഭണങ്ങൾ നടന്നതിന്റെ ശേഷം ജനങ്ങളുടെ പ്രതിനിധികളായി വന്നിട്ടുള്ള ജാതി ഹിന്ദുക്കളുംപ്പടെയുള്ള നിയമസഭ ഗവമ്മെണ്ടിനോടാവശ്യപ്പെട്ടതു വളരെ ആവശ്യമായ ഈ പരിഷ്കാരം

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചു നടപ്പാക്കുക എന്നു്. ഗവമ്മെണ്ടു് ഇതു സ്വീകരിയ്ക്കുന്നില്ലെങ്കിൽ ഗവമ്മെണ്ടുതന്നെ ഇതിന്റെ ഉത്തരവാദിത്വം വഹിയ്ക്കേണ്ടിവരും. ഗവമ്മെണ്ടിനു് ഇതുയും വലിയ സൌകര്യം വേറെ എവിടെനിന്നും കിട്ടുവാനില്ല. പ്രത്യേകിച്ചു് അന്യോഗസ്ഥനായിരുന്ന കാലത്തു് ഈ വക കാര്യങ്ങൾ വാദിച്ചിരുന്ന ഇപ്പോഴത്തെ ദിവാൻജി ഇങ്ങിനെ അനുകൂലമായ പൊതുജനാഭിപ്രായം ഈ കാര്യത്തിൽ കാട്ടിയതിൽ ഞാൻ അദ്ദേഹത്തെ വളരെ അഭിനന്ദിക്കുന്നുണ്ടു്. മദ്രാസിലും മറ്റും ഇതുയും ശക്തിയായ ഒരു പൊതുജനാഭിപ്രായം ഉണ്ടായിരിക്കയില്ല. തിരുവിതാംകൂറിലും ഉണ്ടാകയില്ല, മലബാറിലും ഉണ്ടാകയില്ല, ഇൻഡ്യയിൽ മറെറാരുഭാഗത്തും ഉണ്ടാകയില്ല. ഞാൻ പത്തുകൊല്ലം ഈ കൌൺസിലിൽ വേലചെയ്തതിനിടയ്ക്കു് ഈ കൌൺസിലിലുള്ള ജാതി ഹിന്ദുപ്രതിനിധികളുടെ അഭിപ്രായങ്ങൾ എന്താണെന്നു് എനിയ്ക്കു് അവരോടു നേരിട്ട സംസാരിച്ചും മറും അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. അവരെല്ലാവരും ഈ കാര്യത്തിൽ വളരെ അനുകൂലമായ അഭിപ്രായമാണു വച്ചുകൊണ്ടിരിയ്ക്കുന്നതു്. ഇനി ഗവമ്മെണ്ടു് ഇതിനെ എതിർക്കയാണെന്നുണ്ടെങ്കിൽ ആ എതിരു് എവിടെനിന്നു വരുന്നുവെന്നു ഞങ്ങൾ ആലോചിയ്ക്കുവാൻ തുടങ്ങും. വാസ്തവത്തിൽ പല സമുദായങ്ങളുടേയും മനസ്സിനെ വേദനപ്പെടുത്തി ഈ പരിഷ്കാരം നടപ്പാക്കണമെന്നു പറഞ്ഞാൽ അതു ന്യായമായിരിയ്ക്കയില്ല. പക്ഷെ അങ്ങിനെയുള്ള നിലയല്ല ഇപ്പോൾ ഉള്ളതു്. അത്യാവശ്യമായ പരിഷ്കാരമാണെന്നുണ്ടെങ്കിൽ ജനങ്ങൾ മുഴുവനും എതിർത്താൽതന്നെയും ഗവമ്മെണ്ടിനു് അതിനെ അവരുടെ തലയിൽ കെട്ടിവയ്ക്കേണ്ട ഭാരമുണ്ടു്. ആ വിഷമവും ഇവിടെ ഇല്ല. ഈ പരിഷ്കാരത്തിനു ഇവിടെ ശക്തിയായ അനുകൂല്യം ഉണ്ടു്. ജനങ്ങൾ ക്കാവശ്യമുള്ളതായ പരിഷ്കാരം, ഒരു വലിയ ജനവിഭാഗത്തിന്റെ ആത്മാഭിമാനത്തെ സംരക്ഷിയ്ക്കുന്നതായ ഒരു പരിഷ്കാരം ഗവമ്മെണ്ടിൽ നിന്നു് ഒരു എതിരും വിഷമവും കൂടാതെ നടപ്പാക്കണമെന്നു പറയുമ്പോൾ ഗവമ്മെണ്ടു് അതിനെ എതിർക്കയാണെന്നുണ്ടെങ്കിൽ ആ എതിരു് എവിടെനിന്നു വരുന്നുവെന്നുള്ള ചോദ്യംവരും. ആ എതിരു വരുന്നതു് ഏതു സ്ഥാനത്തുനിന്നാണെന്നു് അനേപക്ഷിച്ചു ചെല്ലുമ്പോൾ വാസ്തവത്തിൽ അതു വളരെ അപകടകരമായി തീരുമെന്നു ഞാൻ ഗവമ്മെണ്ടിനെ ബോദ്ധ്യപ്പെടുത്തുന്നു. അങ്ങിനെയൊരു ആലോചനയ്ക്കു് ജനങ്ങളുടെയിടയിൽ ഇടകൊടുക്കാതെ ഇപ്പോഴത്തെ ദിവാൻജിയവർകൾ അദ്ദേഹത്തിന്റെ സാമർത്ഥ്യവും മറു സവ്വശക്തികളുമുപയോഗിച്ചു് ഈ കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കണമെന്നാണു് എനിയ്ക്കുള്ള അപേക്ഷ.

ഈ കാര്യം നടന്നുവെങ്കിൽ വളരെ നല്ലതു്. നടന്നില്ലെങ്കിൽ അതിലും നല്ലതു് എന്നുള്ള അഭിപ്രായംവച്ചുകൊണ്ടാണു് ഞാൻ ഈ കാര്യത്തിനുവേണ്ടി വാദിയ്ക്കുന്നതു്. അയിത്തം, തീണ്ടൽ മുതലായവയെ

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടിൽനിന്നും ഖണ്ഡിതമായ ഒരു ശാസനംകൊണ്ട് ഇല്ലാതാക്കണമെന്നാവശ്യപ്പെടുന്നതു് ഏററവും മിതമായ ഒരപേക്ഷയാണു്. ആ അപേക്ഷ സാധിയ്ക്കുന്നതല്ലെന്നുണ്ടെങ്കിൽ ഏതു മതവിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയാണോ ഈ അപമാനങ്ങൾ നിലനില്ക്കണമെന്നാവശ്യപ്പെടുന്നതു് ആ മതവിശ്വാസത്തെ മുഴുവൻ തകർത്തുകളയത്തക്കവണ്ണമുള്ള ഒരു ശക്തിപ്രവാഹം ഉണ്ടാകുമെന്നാണു് ഞാൻ പറയുന്നതു്. എന്നെ സംബന്ധിച്ചിടത്തോളം ഈ നിശ്ചയം പാസ്സാക്കാതിരുന്നാൽ വളരെ നല്ലതാണെന്നാണു് എന്റെ അഭിപ്രായം. മതം വിശ്വാസത്തിന്റെ ഒരു അവശിഷ്ടമാണു്. അങ്ങിനെയുള്ള മതവിശ്വാസം നശിക്കണം. അതു നശിച്ചാൽമാത്രമേ ഈ ജാതി ലേബിൾ ഒട്ടിയ്ക്കുന്ന സമ്പ്രദായം ഇൻഡ്യയിൽനിന്നും പോകയുള്ളൂ. മതവിശ്വാസത്തെ എതിർക്കുവാനുള്ള മനസ്ഥിതി എന്നെപ്പോലെ മറെറാരുപലർക്കും ഉണ്ടു്. അങ്ങിനെ അനവധിയാളുകൾക്കു് ആ മനസ്ഥിതി വരുകയാണെങ്കിൽ അതിനെ ഏതൊരു ഗവമ്മെണ്ടിനും ഏതൊരു ശക്തിയ്ക്കും എതിർക്കുവാൻ സാധിയ്ക്കുകയില്ല. ഞങ്ങൾ എല്ലാവരും ശക്തിയോടുകൂടി പറയുന്ന മതം നശിയ്ക്കട്ടെ; മതം വച്ചുകൊണ്ടിരിയ്ക്കുന്നവരുടെ ശക്തി അതോടുകൂടി കുറയട്ടെ എന്നു്. ആ ഒരു വാളത്തെ കൊച്ചീ ഗവമ്മെണ്ടിനെന്നല്ല വേറെ ഒരു ഗവമ്മെണ്ടിനും തടയുവാൻ സാധിയ്ക്കുകയില്ല. മതത്തെപ്പററി വല്ല ബഹുമാനവുമുള്ളവരുണ്ടെങ്കിൽ അവരെല്ലാം ഇതിനെപ്പററി ആലോചിക്കണം. തല്ക്കാലം സ്വാധീനത്തിലുള്ള ഗവമ്മെണ്ടിന്റെ ശക്തിയുപയോഗിച്ചു മിതമായ പരിഷ്കാരത്തെ എതിർക്കുവാൻ ഗവമ്മെണ്ടുഭാഗത്തുനിന്നും വരരുതെന്നു ഞാൻ പറയുന്നതു കേവലം അയിത്തക്കാരനു വേണ്ടിയല്ല, ബ്രാഹ്മണരേയും, നമ്പൂരിമാരേയും, നായന്മാരേയും പരിഷ്കരിയ്ക്കുവാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു പ്രമേയമാണിതു്. ഒരു മനുഷ്യനെക്കണ്ടാൽ മാറിപ്പോകണമെന്നു പറയുന്നതു് ബുദ്ധിയില്ലായ്മയെ അല്ലേ, പരിഷ്കാരമില്ലായ്മയെ അല്ലേ വിളിച്ചുപറയുന്നതു്? മഹാരാജാവു തിരുമനസ്സിലെ അഭിമാനത്തിനു വേണ്ടി, രാജ്യത്തിന്റെ അഭിമാനത്തിനുവേണ്ടി, ജാതിഹിന്ദുക്കളുടെ അഭിമാനത്തിനും രക്ഷയ്ക്കുംവേണ്ടി ഈ രാജ്യത്തു് കായ്ക്കുള്ളുടെ ഗതികം നീണ്ടുകാണുവാൻ കണ്ണുള്ളവരുണ്ടെങ്കിൽ ഈ കായ്ത്തിൽ ഒരു തീരുമാനമുണ്ടാക്കണം. യാതൊരു വിപ്ലവങ്ങളും അടിയും പിടിയുമൊന്നും ഇവിടെ ഉണ്ടാകുവാൻ പോകുന്നില്ല. ഞങ്ങൾക്കാർക്കും മതം ആവശ്യമില്ല എന്നു പറഞ്ഞാൽ നിങ്ങൾക്കു തടയുവാൻ സാധിയ്ക്കുമോ?

ദിവാൻജിയവർകൾക്കും ഇതു നടപ്പാക്കണമെന്നാഗ്രഹിയ്ക്കുന്ന മറെറ ഗവമ്മെണ്ടുഭാഗത്തുള്ള ആളുകൾക്കും കുറെ വിഷമങ്ങളുണ്ടായിരിക്കാം. വിഷമങ്ങളുണ്ടെന്നു വിചാരിച്ചു് ഞങ്ങൾ ഇതു് സഹിക്കണമെന്നാണോ പറയുന്നതു്? ഇതു ഇനിയും അധികം കാലം ഞങ്ങൾ സ

LIBRARY ARCHIVES Kerala Legislative Assembly

ഹിച്ചിരിയ്ക്കുവാൻ തയ്യാറില്ല. അധികാരങ്ങളെല്ലാം ഗവമ്മെണ്ടിന്റെ കയ്യിലുണ്ട്. പട്ടാളമുണ്ട്; പോലീസുണ്ട്; നീതിന്യായ കോടതികളുണ്ട് എന്നിരുന്നാലും അവയെയെല്ലാം ജയിച്ച ഒരു ന്യായശക്തി ഞങ്ങളുടെ കയ്യിലിരിയ്ക്കുന്നു. ആ ന്യായശക്തിയേക്കാളും വലുതാണോ ഗവമ്മെണ്ടിന്റെ പട്ടാളവും പോലീസും നീതിന്യായക്കോടതികളും എന്നു ഞാൻ ചോദിയ്ക്കുന്നു. ഞങ്ങളിവിടെ എന്താവശ്യപ്പെട്ടു? അങ്ങേ അറ്റത്തെ വല്ല കാര്യങ്ങളുമാണോ ഞങ്ങളാവശ്യപ്പെട്ടതു്? ഞങ്ങളെ തീണ്ടൽ ജാതിക്കാരെന്നു പറഞ്ഞു് അപമാനിയ്ക്കരുതെന്നോ ഞങ്ങളാവശ്യപ്പെട്ടതുള്ളൂ.

മഹാരാജാവു തിരുമനസ്സിലെ മുദ്രാവാക്യം "മാനം കുലധനം" എന്നാണു്. മഹാരാജാവു തിരുമനസ്സിലെ മാനംതന്നെയാണു് തിരുമനസ്സിലെ പ്രിയപ്പെട്ട ജനങ്ങളുടേയും മാനം. പ്രജകൾ അപമാനമേല്ക്കുമ്പോൾ മഹാരാജാവു തിരുമനസ്സിലെ കുലധനമെവിടെ? കുലധനമെന്നു പറഞ്ഞാൽ അവിടത്തെ ഭക്തന്മാരായ പ്രജകളുടേയും ധനമെന്നാണതർത്ഥം. അങ്ങിനെയുള്ള തിരുമനസ്സിലെ പ്രജകളെ വഴിയിൽനിന്നു മാറുവാൻ പറയുന്നു! ഈ പരിഷ്കാരംകൊണ്ടു യാതൊരു തകരാറും വിഷമവുമുണ്ടാകയില്ലെന്നു ഇപ്പോഴത്തെ ദിവാൻജിയവർകളുടെ ഈയിടെയുണ്ടായ ഒരു പ്രവൃത്തികൊണ്ടുതന്നെ തെളിയിച്ചുകഴിഞ്ഞിരിയ്ക്കുന്നു. പറ പോകുമ്പോൾ ആളുകൾ വഴിമാറിയില്ലെങ്കിൽ മതം മുഴുവനും തകരാറാകുമെന്നു പറഞ്ഞിരുന്നു. പറ പോകുമ്പോൾ ആരും വഴിമാറേണ്ടെന്നു വെച്ചതുകൊണ്ടു വല്ല കുഴപ്പവും ഉണ്ടായോ? ജനങ്ങളെല്ലാം അവരുടെ വഴിക്കുപോയി. പറ അതിന്റെ വഴിയ്ക്കും പോയി. അതുകൊണ്ടു് ഈ നിശ്ചയം സ്വീകരിച്ചു പാസാക്കിയാലും ഒരു കുഴപ്പവും ഈ രാജ്യത്തു വരുവാനില്ല. കുഴപ്പമുണ്ടാകുമെന്നു കരുതിയിരുന്ന കാലമെല്ലാം പോയി. മഹാരാജാവു തിരുമനസ്സിനോടു് ഈ കാര്യം ഉണർത്തിച്ചാൽ അനുകൂലമായ ഒരുത്തരവു അദ്ദേഹത്തിൽനിന്നും ഉണ്ടാകുമെന്നാണു് എന്റെ വിശ്വാസം.

ഈ കാര്യത്തിൽ ഞാൻ ഒരു അനുഭവം പറയാം. ഞങ്ങൾ ഒരിയ്ക്കൽ പുലയരോടു ക്രുദ്ധിയിരുന്നു് ഊണുകഴിച്ചപ്പോൾ ഈഴവരുടെയിടയിൽ വലുതായ ബഹളമുണ്ടായി. കുറെ ഈഴവർ ചേന്നു് അന്നു നാടുവാണിരുന്ന മഹാരാജാവു തിരുമനസ്സിലെ അടുക്കൽ ചെന്നു് എന്നെ കൊച്ചീ രാജ്യത്തിൽ പ്രസംഗിക്കുവാതിരിക്കുവാൻ വേണ്ടിയുള്ള ഒരു കല്പന വാങ്ങുവാൻ ശ്രമിച്ചു. ഉടനെ ആ തിരുമേനി അവരോടു ചോദിച്ചതു് നിങ്ങൾക്കു ഇതിനുമുമ്പു് ഇവിടെ വരാമായിരുന്നുവോ? നിങ്ങൾക്കു മുമ്പു വരാൻ പാടില്ലാതിരുന്ന ഈ സ്ഥലത്തു് ഇപ്പോൾ നിങ്ങളെ വിളിച്ചുവരുത്തിയിരിയ്ക്കുന്നുവെന്നാണു് ആ തിരുമനസ്സുകൊണ്ടു കല്പിച്ചതു്. തീണ്ടലും അയിത്തവും പാലിക്കരുതു എന്നു പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആ മഹാരാജാവു തിരുമനസ്സിലെ കാലത്താണ് ഞങ്ങൾക്കെല്ലാം കനകക്കുന്ന കൊട്ടാരത്തിൽ പ്രവേശനം കിട്ടിയതു്. (ഹീയർ, ഹീയർ) നമ്മുടെ മഹാരാജാക്കന്മാർപോലും ഇങ്ങിനെയുള്ള അഭിപ്രായക്കാരാണ്. അതുകൊണ്ടു് ഈ കാര്യം അവിടെ ചെന്നു പറഞ്ഞുകഴിഞ്ഞാൽ തീച്ചയായും അവിടന്നു് പ്രജകളുടെ സങ്കടത്തിന്നു ഒരു തീരുമാനമുണ്ടാക്കുമെന്നാണു് എനിയ്ക്കു ഗവൺമെൻറു മെമ്പർമാരോടു പറയുവാനുള്ളതു്.

അഗ്രഹാരത്തിൽ പുലയനെക്കൊണ്ടുപോയി ബഹളമുണ്ടാക്കിയ ദിവാൻജിയവർകളോടു് ഇതിനെക്കുറിച്ചൊന്നും പറയേണ്ടതില്ല. അദ്ദേഹത്തിനു നിങ്ങൾ സഹായമായി നില്ക്കണമെന്നാണു് എനിയ്ക്കു പറയുവാനുള്ളതു്. ഗവൺമെൻറുദ്യോഗസ്ഥന്മാരാരെങ്കിലും അവരുടെ ഇട്ടങ്ങിയ കണ്ണുകൊണ്ടു നോക്കി തല്ക്കാലം വിഷമങ്ങളൊന്നുമുണ്ടാക്കാതിരുന്നാൽമതി.

ഞാൻ ഗവൺമെൻറു സിക്രട്ടറിയോടു പറയുന്നു; അദ്ദേഹത്തിന്റെ നിയമ പാണ്ഡിത്യം മുഴുവനും ഇതിന്റെ അപ്രായോഗികതയെ കാണിയ്ക്കുവാൻ ദയവുചെയ്തു് ഉപയോഗിയ്ക്കരുതെന്നു്. അദ്ദേഹം വിചാരിച്ചാൽ ഇതു് അപ്രായോഗികമാണെന്നു സ്ഥാപിയ്ക്കുവാൻ കഴിയുമെന്നു ഞങ്ങൾക്കറിയാം. അങ്ങുമിങ്ങുമുള്ള ചില വാചകങ്ങളുടെ നടുക്കു നിന്നും ചില സംഗതികൾ എടുത്തു പറഞ്ഞു അദ്ദേഹം ഞങ്ങളെ തോല്പിയ്ക്കാറുണ്ടു്. അതുപോലെ ഇതിന്റെ അപ്രായോഗികതയെപ്പറ്റി അദ്ദേഹം പറഞ്ഞുതുടങ്ങിയാൽ വലിയ വിഷമമാണു്. എപ്പോഴും ഏതു നല്ലകാര്യങ്ങൾക്കു വേണ്ടിയും ആവശ്യങ്ങൾക്കു വേണ്ടിയും നല്ല ആദർശങ്ങൾക്കുവേണ്ടിയും ഗവൺമെൻറിനെ സഹായിയ്ക്കുവാൻ കഴിവുള്ളവരായിരിയ്ക്കണം ആ സൈഡിലുള്ള എല്ലാ മെമ്പർമാർ. അങ്ങിനെ ചെയ്യുകയാണെങ്കിൽ കൊച്ചീയ്ക്കു്, ഇന്ത്യയിൽ മുഴുവനും ഇന്നു മുറവിളികൂട്ടുന്ന ഈ ഒരു കാര്യത്തിനു മാർഗ്ഗദർശിയായി തീരുവാൻ സാധിയ്ക്കും. ഇതുപോലെയുള്ള പല കാര്യങ്ങൾക്കും മാർഗ്ഗദർശിയാണു് കൊച്ചീരാജ്യം. സ്ത്രീവിദ്യാഭ്യാസത്തിൽ ഒന്നാമതായി നില്ക്കുന്ന ഒരു രാജ്യമാണു കൊച്ചി. നിയമസഭാപരിഷ്കാരത്തിലും നാട്ടരാജ്യങ്ങളുടെയിടയിൽ കൊച്ചീരാജ്യം ഒന്നാമത്തേതാണു്. ഈ പരിഷ്കാരത്തിലും ഒന്നാമതായാണു് കൊച്ചീരാജ്യം നില്ക്കുന്നതെന്നു വരുത്തണം.

അയിത്തോച്ചാടന കാര്യത്തിൽ മഹാത്മഗാന്ധി, മാളവ്യ മുതലായ മഹാന്മാർ കിടന്നു വളരെ കഷ്ടപ്പെട്ടു വേലചെയ്തു വരുന്നുണ്ടു്. മാളവ്യജിയെ സംബന്ധിച്ചു പറയുമ്പോൾ ആക്കൂട്ടത്തിലും വല്ല വിരോധവും തോന്നുന്നുണ്ടെങ്കിൽ ഞാൻ അവരോടു പറയുന്നു, ശീമയിൽപോയിവന്നിട്ടു് നഖശിഖാന്തം ഷേവുചെയ്തു ഗംഗയിൽ കുളിച്ചു് ശുദ്ധിവരുത്തിയ ആളാണു് അദ്ദേഹം എന്നു്. അങ്ങിനെയുള്ള ആ മഹാൻക്കൂടി

പറയുന്നു, ആത്മരക്ഷയ്ക്കുവേണ്ടി അണ്ടച്ചബിലിറ്റി മുഴുവൻ കളയണമെന്ന്. ഈവക സംഗതികളെക്കുറിച്ചു് നല്ലപോലെ ആലോചിച്ചു് ഒടുവിലത്തെ തീരുമാനം ചെയ്യുന്നതിനു് ഇതിനെ എതിർക്കാതിരിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ നിശ്ചയത്തെ ശക്തിയായി പിൻതാങ്ങുന്നു.

മിസ്റ്റർ എ. നാരായണമേനോൻ.— ഈ പ്രമേയം സ്വീകരിയ്ക്കേണ്ടതാവശ്യമാണെന്നു പറയുവാൻ പ്രത്യേകിച്ചു് ഒരു പ്രസംഗത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ ഗവൺമെണ്ടു് സിവിൽ മാരീജ്ജബിൽ പാസ്സാക്കി, പറപ്രൊസഷനെ സംബന്ധിച്ചു പ്രസ്കമ്മ്യൂണിക്കു് പാസ്സാക്കി; ഇതെല്ലാം പസ്സാക്കിയിരിയ്ക്കുന്ന ഗവൺമെൻറിനോടു് ഇതും സ്വീകരിയ്ക്കണമെന്നു പ്രത്യേകിച്ചു് എടുത്തു പറയേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. തീച്ചയായും ഗവൺമെൻറു് ഇതു സ്വീകരിയ്ക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ആവശ്യമില്ലാത്ത ഈ അനാചാരങ്ങൾ വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഹിന്ദുമതത്തിനു തന്നെ അതുകൊണ്ടു വലിയ ദുഷ്യം വരുമെന്നുള്ളതിനു് അംബേദ്കർ മുതലായവരുടെ പ്രക്ഷോഭണങ്ങൾ ഉത്തമ ദൃഷ്ടാന്തങ്ങളാണു്. അവിടെ ചില അനാചാരന്മാർ ഇവിടെയുമുണ്ടു്. അതുകൊണ്ടു ഈ പ്രമേയം യാതൊരു എതിർപ്പുംകൂടാതെ സ്വീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ പിൻതാങ്ങുന്നു.

Mr. K. Ashtamoorthi Nambudiripad.—Sir, I rise to support this resolution. (Hear, hear). It is not necessary for me to speak at length about the subject matter of this resolution.

It has been engaging the serious attention of all the educated, learned and thinking people of India for the past many years.

My idea in supporting this resolution, Sir, is to place before the Hon'ble Members of this House the view of my community with regard to this vexed question. The Namboodiri Yogakshema Sabha which is a thoroughly representative institution of all the Namboodiris of Kerala has passed more than once resolutions allowing free access to the so called unapproachables to all public places. In supporting this resolution, I request the Government to advise His Highness to issue a Royal Proclamation abolishing this pernicious system which is destroying the unity of the whole Hindu Society.

മിസ്റ്റർ സി. എസ്സ്. വിശ്വനാഥയ്യർ.— ആരാണു് Untouchability-ക്കാർ, ആരാണു് Unapproachability-ക്കാരെന്നു തീച്ചയാക്കേണ്ടതു് അവരവർതന്നെയാണു്. അതു് അവരവർതന്നെ വെറുതെ മനസ്സിൽ വിചാരിച്ചുകൊള്ളുകയാണു ചെയ്യുന്നതു്. ഇതിനെപ്പറ്റി ഒരു പ്രൊക്ലമേഷൻ മുമ്പിൽ ഇല്ലാത്ത സ്ഥിതിക്കു് ഇപ്പോൾ ഒരു പ്രൊക്ലമേ

LIBRARY ARCHIVES Kerala Legislative Assembly

ഷൻ ആവശ്യമില്ല. അവനവന്റെ ശുചി, രുചി, ആചാരം ഇവക ളെ അനുസരിച്ചാണു് തന്നത്താൻ ഞാൻ Untouchability-യിൽ പെട്ട വനാണു്; ഞാൻ Unapproachability-യിൽ പെട്ടവനാണു് എന്നു് അ വനവൻ വിചാരിച്ചുപോകുന്നതു്. പണ്ടുകാലത്തു നന്ദൻ ഏതു ജാതി ക്കാരനായിരുന്നു, ഒരു പറയനായിരുന്നു. അദ്ദേഹം ഒടുവിൽ ഏതു നിലയിലെത്തി? അദ്ദേഹത്തിന്റെ ശുചി, രുചി, ആചാരം മുതലായ തുകൊണ്ടു് ഈശ്വരതുല്യനായിത്തീർന്നു. അന്നു് ചോളരാജാവോ മറ്റു വല്ലവരോ പ്രൊക്ലമേഷൻ പുറപ്പെടുവിച്ചുവോ? Law-ം മറ്റും കൊ ണ്ടുവന്നു വല്ല നിയമവും അന്നു കൌൺസിലിൽ പാസ്സാക്കിയോ? ഇ പ്പോൾ നന്ദനെ ഒരു അമ്പലംകെട്ടി അതിനുള്ളിൽ പ്രതിഷ്ഠിച്ചു് നാം ആരാധിച്ചുവരുന്നില്ലേ? ബ്രാഹ്മണരും കൂടി അദ്ദേഹത്തെ ഇന്നും ഈ ശ്വരനായി ആരാധിച്ചുവരുന്നുണ്ടു്. ഒരു മനുഷ്യന് മൂന്നു് ഉത്തമ ആ ചാരങ്ങളാണു വേണ്ടതു്. അതായതു് ശുചി, രുചി, ആചാരം ഇവ കളാണു്. അല്ലാതെ അവൻ Untouchability-യിൽ പെട്ടവനാണു്, മറവൻ Unapproachability-യിൽപ്പെട്ടവനാണെന്നു കരുതുന്നതു അവ രവരുടെ മനസ്സിൽ തോന്നുന്നവെറുതെ ഒരു ശങ്കകൊണ്ടു മാത്രമാണു്. എന്തിനാണിപ്രകാരം ആളുകൾ ശങ്കിയ്ക്കുന്നതെന്നു ഞാൻ ചോദിയ്ക്കു ന്നു. ഈ നിലയിൽ പ്രാക്ടറിക്കലായിട്ടു നോക്കുകയാണെങ്കിൽ ഇ തിനൊരു പ്രൊക്ലമേഷനും മറ്റും ആവശ്യമില്ലാത്തതാണു്. അതുകൊ ണ്ടു ഈ നിശ്ചയം ഗവർമ്മെണ്ടു് സ്വീകരിയ്ക്കുകയാണെങ്കിൽ വളരെ കു ഴപ്പത്തിലാകുമെന്നാണു് എന്റെ അഭിപ്രായം.

*Mr. K. M. Ibrahim.—Sir, we are as a nation unapproachable and untouchable in the comity of nations and it is high time for us that by the sheer dint of public opinion we wrest this right from the Government. What I will submit to my non-official colleagues is that this is only one of the million lessons that are taught us that mere vociferous and live speeches in the Legislative Council will not bring in social reform. We have to organise public opinion. We have to create such circumstances. We have to create such a situation that the Government of the day, however conservative it is, will be compelled to respond to the irresistible claim of social reform.

What the Hon'ble Member for Chittur has said is, I think, quite beside the point. The question, Sir, is not whether we have Sastras allowing this custom or not. The question is only whether it is largely prevalent in our country, whether such a system is being adhered to by a large section of the public of His Highness the Maharaja's subjects. Whether they are in the

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Puranas, Vedas or Sastras is not the point at issue. As a matter of fact these Vedas and Puranas are not cared for at all in these days by the Hindu majority. So the question is not whether there is Puranic or Vedic sanction for this custom. We have to find out whether there is such a custom, a meaningless custom, which is a standing shame to the dignity of humanity. Having granted that there exists such a custom it should be rooted down at the earliest moment.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ.— നാടുവാണരുളുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു ദീർഘായുഷ്മാനായി നീണാൾ വത്തിക്കട്ടെ! ആ പൊന്നുതിരുമേനിയുടെ രാജ്യഭരണം ആ പൊന്നുതിരുമേനിയുടെ പേരിൽ തങ്കമഷികൊണ്ടു കൊച്ചിരാജ്യചരിത്രത്തിൽ എന്നല്ല ലോകചരിത്രത്തിൽതന്നെ രേഖപ്പെടുത്തിക്കാണുമാറാകട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടിയാണ് ഞാൻ ഈ പ്രമേയത്തെ അനുകൂലിയ്ക്കുവാൻ പോകുന്നതു്.

"യഥാ രാജാ തഥാ പ്രജാഃ" ഇതു് കൊച്ചീ രാജ്യത്തിലെന്നല്ല ഭാരതത്തിലുള്ള എല്ലാ രാജ്യങ്ങളിലും നിയമമായിട്ടുള്ളതും, വേദശാസ്ത്രങ്ങളിൽ പോലും കാണുന്നതുമാണു്. മഹാരാജാവു തിരുമനസ്സുകൊണ്ടു് മാനം കലധനമായി വച്ചിട്ടുണ്ടെങ്കിൽ മഹാരാജാവു തിരുമനസ്സിലെ പ്രജകളും അവരുടെ മാനം അവരുടെ കലധനമായിട്ടു കരുതണമെന്നു് തിരുമനസ്സുകൊണ്ടു് ആജ്ഞാപിച്ചിട്ടുണ്ടായിരിയ്ക്കുമെന്നാണു വിചാരിയ്ക്കേണ്ടതു്. ആത്മാഭിമാനമെന്നുള്ളതു് എല്ലാവർക്കും ഒന്നുപോലെയുള്ളതാണു്. അവരവരുടെ ആത്മാഭിമാനത്തെ കാക്കണം എന്നുള്ളതു് എല്ലാവർക്കും ആത്മാർത്ഥമായി വിചാരമുള്ളതാണു്. എന്നാൽ ഇവിടെ എല്ലാ ജനങ്ങളും ഗവൺമെൻറിലേയ്ക്കു കൊടുത്തുവരുന്ന ആദായത്തിനും പുറമെ മറെറാരു വിധത്തിൽ മറെറാരും കൊടുക്കാത്തതായിട്ടുള്ള ഒരാദായം കൂടി കൊടുത്തുവരുന്നുണ്ടു്. അപ്രകാരം നമ്മുടെ രാജ്യത്തിലെ ഭണ്ഡാരത്തെ പോഷിപ്പിയ്ക്കുന്ന ഈഴവരും, അവരുടെ കീഴിൽ, കഷ്ടക രാജ്യമായ നമ്മുടെ കൊച്ചീ രാജ്യത്തിനു അഭിവൃദ്ധിയുണ്ടാക്കുന്ന പുലയർ മുതലായ സമുദായക്കാരും പൊതുഭണ്ഡാരത്തിലേയ്ക്കു കൊടുത്തുവരുന്ന ആദായമെടുത്തു് ഉണ്ടാക്കീട്ടുള്ള റോഡുകളിൽക്കൂടി അവർ പോകുമ്പോൾ അങ്ങോട്ടമിങ്ങോട്ടും ചിലപ്പോൾ തെറി കൊടുക്കണമെന്നു പറയുന്നതു വളരെ കഷ്ടമാണു്. ഇതു് എത്രകണ്ടു് അവർക്കു സഹിയ്ക്കുവാൻ സാധിയ്ക്കുമെന്നുള്ളതു് ഇപ്പോൾ എല്ലാവരും ഒരുമാതിരി ചിന്തിച്ചു തുടങ്ങീട്ടുണ്ടു്. എന്നാൽ ഇതു് അങ്ങോട്ടു നീക്കിക്കളയണമെന്നു പറയുമ്പോൾ ആകാശം ഇടിഞ്ഞു താഴെ വീഴുമോ എന്നുള്ള ഭയമാണു ഗവൺമെൻറിനുള്ളതായി കാണുന്നതു്. എന്നാൽ ഇ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ളും താങ്ങിക്കൊണ്ടു നില്ക്കുന്ന മറ്റുള്ള സമുദായങ്ങൾക്കു ക്ഷോഭം വന്നാലോ എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവൺമെൻറ് ചില മുടന്തൻ ന്യായങ്ങളെല്ലാം തല്ക്കാലം കൊണ്ടുവരുന്നതു്. ഇതാണ് ഇന്നത്തെ നമ്മുടെ ഗവൺമെൻറിന്റെ നയം.

Mr. President.—The use of the public roads is not prohibited to any community.

Mr. K. Ayyappan.—There are still some roads.

Mr. T. S. Narayana Ayyar.—Only Devaswom roads.

Mr. K. S. Panickar.—Public roads.

Mr. President.—But it was made clear in the Press Communique regarding Para processions that all public roads can be used by all classes of His Highness' subjects.

Dr. A. R. Menon—What happens is this. Whenever they find that the use of a particular road should be prohibited they at once convert it into a Devaswom road and thus it is prohibited to all classes of people. That is the only solution that they have found out to get out of this trouble.

Mr. President.—Then it is in the application of the principle that the trouble arises.

മിസ്റ്റർ കെ. എസ്സ്. പണിക്കർ:— എന്നാൽ ഈ വക തടസ്ഥങ്ങൾ ഞങ്ങളുടെ തമ്പുരാനില്ലെന്നു ഞങ്ങൾക്കു ബോദ്ധ്യമുണ്ട്.

Mr. President.—Why I ask this question is this. I have been carefully following the discussion. I really wanted to know what are the legal disabilities so far suffered as far as the Cochin people are concerned. In the Press Communique regarding para Processions Government have made it perfectly clear that so far as the use of public roads are concerned Government recognise the right of every community to make legitimate use of public roads. So far as public institutions are concerned I think every community is allowed entrance and the law by itself does not recognise untouchability. So no legal disability seems to exist. I was anxiously listening to the speeches with a view to find out what exactly the Government have to do; but I have got no guidance. What will be the legal implication if a Proclamation is issued that from today forwards untouchability is abolished?

മിസ്റ്റർ കെ. എസ്സ്. പണിക്കർ:— പറ പ്രൊസഷൻ നടത്തുന്നതിനുള്ള പ്രസ്സ് കമ്മ്യൂണിക്കു വന്നപ്പോൾ ചിലർ പറഞ്ഞതു് ഒരു പറ പ്രൊസഷൻ പോകുമ്പോൾ മാത്രമേ ഇതു ബാധിയ്ക്കുയുള്ളൂ, ബാക്കിയു

LIBRARY ARCHIVES Kerala Legislative Assembly

ള്ള അവസരങ്ങളിലൊന്നും ഈ കമ്മൂണിക്കു ബാധിയ്ക്കുയില്ല എന്നാണ്. ഈ പ്രസ്സ് കമ്മൂണിക്കു വരുന്നതിനു മുമ്പു് ഈ പ്രമേയം ഗവമ്മെൻറു തള്ളിക്കളഞ്ഞതിനെ സംബന്ധിച്ചു ഗസറ്റിൽ പരസ്യം ചെയ്തപ്പോൾ ചില പ്രതിഷേധയോഗങ്ങൾ കൂടി. സകല സവർണ്ണപ്രമാണികളും അതിൽ പങ്കുകൊണ്ടിരുന്നു. അന്നു് അവക്കെല്ലാവക്കും കണ്ണിൽ നിന്നും വെള്ളം വരത്തക്കവണ്ണമുള്ള സങ്കടം ഉണ്ടായി. അന്നു് അവക്കു വേണ്ടിയല്ല അവർ സംസാരിച്ചതെന്നു് എനിയ്ക്കു ബോദ്ധ്യം വന്നു. ഫാൻവ്യ-നുശേഷം ഉണ്ടായിട്ടുള്ള പ്രത്യേക റോഡുകളുടെ ഏതാനും ഭാഗം, രണ്ടു മൂന്നു കൊല്ലമായിട്ടു് അതിൻെറ അധികം ഭാഗവും ആവശ്യമെന്നു തോന്നിയാൽ ദേവസ്വം പുറമ്പോക്കാക്കി മാറുകയാണു ചെയ്യുന്നതു്. പല സ്ഥലങ്ങളിലും അങ്ങിനെയാണു ചെയ്തുകാണുന്നതു്. അതിലേയ്ക്കുവേണ്ടി പല സ്ഥാനങ്ങളിൽനിന്നും ഗവമ്മെൻറിനോടു ശുപാർശ ചെയ്തു വരുന്നുമുണ്ടു്. പരമാർത്ഥത്തിൽ ഫാൻവ്യ-ൽ ഉണ്ടായിട്ടുള്ള ആ ഒരു കടലാസാണു് ഞങ്ങൾക്കു് ഇത്രയധികം സങ്കടം വരുത്തിവച്ചിട്ടുള്ളതു്.

Mr. President.— This will mean that the temples should be thrown open to all Castes.

മിസ്റ്റർ കെ. എസ്സ്. പണിക്കർ:— സത്യാഗ്രഹവും അത്യാഗ്രഹവും മറ്റും നടന്ന കാലത്തു വല്ല തകരാറുകളും വന്നേയ്ക്കുമെന്നു വിചാരിച്ചാണു് അന്നങ്ങിനെ ഒരു കടലാസിൻെറ ആവശ്യമുണ്ടായതു്. എന്നാൽ ഇന്നത്തെ സ്ഥിതിയിൽ കാണുന്ന ഉദ്ദേശം അതല്ല. ഉദ്യോഗത്തിനു് ആളുകൾ വരുമ്പോൾ തകരാറാകുമെന്നു കരുതി പേടിച്ചാണു ദേവസ്വം പുറമ്പോക്കാക്കി മാറ്റിക്കളയുന്നതു്. ഇതിനു മുമ്പു് ഒരു കുളത്തിൻെറ കാര്യം വന്നപ്പോൾ നമ്മുടെ പൊന്നുതമ്പുരാൻ കല്പിച്ചതു് നിങ്ങളെല്ലാവരും ഒന്നുപോലെ ഉപയോഗിച്ചുകൊള്ളുണ്ടതാണെന്നാണു്.

ഇന്നത്തെ ദിവാൻജിയവർകളും ഇവിടെ വന്നപ്പോൾ ആദ്യമായിട്ടും ഒന്നാമതായിട്ടും പുറപ്പെടുവിച്ച ആർഡർ, സർക്കാർ പണം ചിലവുചെയ്തുണ്ടാക്കിയ റോഡുകളായാലും, കുളങ്ങളായാലും, കിണറുകളായാലും എല്ലാവക്കും ഒന്നുപോലെ ഉപയോഗിയ്ക്കാമെന്നാണു്. ഇതു് എത്രയോ നിസ്സാരമായ ഒരു കാര്യമാണു്. പ്രത്യേകം ചിലക്കുവേണ്ടി ഇങ്ങിനെയുള്ള സ്ഥാപനങ്ങൾ രക്ഷിച്ചുവരുന്നുണ്ടെങ്കിൽ അതു ഞങ്ങൾക്കു വേണ്ട എന്നു് അവർതന്നെ പറയുന്നു.

ബഹുമാനപ്പെട്ട തെക്കെ ഈഴവ മെമ്പർ ഇവിടെ മതം പോകണം, മറ്റതു പോകണമെന്നൊക്കെല്ലാം പറയുകയുണ്ടായി. മൂലധനം കൂടാതെ മുക്കറം ശാപ്പിട്ടാൽ കൈക്കൂലി കൊടുക്കുന്നതിനു സൌകര്യമുള്ള ഒരു ഏർപ്പാടാണു് മതത്തിൽ ഉള്ളതു്. അതുകൊണ്ടു മതവും മ

LIBRARY ARCHIVES Kerala Legislative Assembly

റും കളയുവാൻ പോകേണ്ട. നമുക്കു വഴിയെ നടന്നു പോകുവാനുള്ള സ്വാതന്ത്ര്യം കിട്ടണം. 'ഹെയ്', എന്നു പറഞ്ഞു മാറുന്ന സമ്പ്രദായം കളയണം. എന്നാൽ ഈ സാധുക്കളുടെ കാര്യം പറയുവാൻ ആരാണുള്ളതു്? കഴിഞ്ഞ കർക്കടക മാസത്തിൽ ചിറ്റൂർ താലൂക്കിൽ മൂലത്തറ എന്ന സ്ഥലത്തു് ഒരു വില്ലേജു പാവ്വുസ്യകാരൻ സാധുക്കളായ രണ്ടു ഈഴവരെ, അയിത്തമാക്കിയെന്ന കാരണവും പറഞ്ഞു ദേഹോപദ്രവമേല്പിച്ചതിനു് അധഃകൃത സംരക്ഷകനയച്ച ഹർജി ദിവാൻ പേഷ്കാക്കു് അയച്ചു കൊടുത്തിട്ടുണ്ടെന്നാണു് എന്റെ അറിവു്.

മിസ്റ്റർ കെ. എസ്സ്. മാണിക്കം — തല്ലിയതിനു കോടതിയിൽ അന്യായം കൊടുക്കേണ്ടതായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ:— കോടതിയിൽ പോകുവാനുള്ള വിദ്യാഭ്യാസം ഞങ്ങളിലുണ്ടായിരുന്നുവെങ്കിൽ ഒരിക്കലും ഞങ്ങൾക്കു ഈ നില വരികയില്ലായിരുന്നു.

എന്റെ മാന്യ സ്നേഹിതനായ ഒരു ബഹുമാനപ്പെട്ട സാമാജികൻ കേരളത്തിലെ എല്ലാ ജാതിക്കാരിലും വെച്ചു് ഉയർന്ന ജാതിയിൽപെട്ട ഒരു ബ്രാഹ്മണൻ; അതിലും വിശേഷിച്ചു് കേരള ബ്രാഹ്മണരിൽവെച്ചു് ഏറ്റവും ഉൽകൃഷ്ടമായ നിലയിലുള്ള ഒരു മാന്യൻ—ഈ പ്രമേയം സർവ്വാത്മനാ സ്വീകരിച്ചു് ഇതു പാസാക്കണമെന്നു ഗവർമ്മെൻറിനോടപേക്ഷിച്ചതുകൊണ്ടു് ഇതിൽ കൂടുതലായി ഒന്നുംതന്നെ എനിയ്ക്കു പറയുവാനില്ല. ഇതു പാസ്സായാൽ പക്ഷെ ഒരു വിഷമം വരുമോ എന്നു ഞാൻ ശങ്കിയ്ക്കുന്നു. റോഡിൽക്കൂടി നടന്നുപോകുമ്പോൾ ആരെങ്കിലും വന്നു് എന്നെ കെട്ടിപ്പിടിച്ചേയ്ക്കുമോ എന്നുകൂടി ഞാൻ ഭയപ്പെടുന്നു. ഇത്രമാത്രമേ എനിയ്ക്കു ഈ പ്രമേയത്തെ സംബന്ധിച്ചു പറയുവാനുള്ളൂ.

Dr. A. R. Menon.—On a point of information, Sir. Will we be allowed to continue the debate after the Government side have replied?

Mr. President.— Yes.

മിസ്റ്റർ കെ. അയ്യപ്പൻ.— ഈയിടെയുണ്ടായ പ്രസ്സു കമ്മ്യൂണിക്കിനു മുമ്പും പബ്ളിക്ക റോഡുകളിൽ എല്ലാവർക്കും നടക്കാമെന്നു പ്രഖ്യാപനം ഉണ്ടായിട്ടുണ്ടു്. എങ്കിലും അതു പൂർണ്ണമായി ഇന്നേവരെ നടപ്പിൽ വന്നിട്ടില്ല. ഈ വക പ്രഖ്യാപനങ്ങൾ കോടതികളിൽ നില്ക്കുമോ എന്നതു സംശയമാണു്. അതുകൊണ്ടാണു ഞാൻ ഒരു അയിത്തോച്ചാടന ബിൽ ഈ സഭയിൽ അവതരിപ്പിക്കാൻ ഗവർമ്മെൻറിന്റെ അനുവാദം ആവശ്യപ്പെട്ടതു്. ആ അനുവാദം കിട്ടിയില്ല. ഈ നിശ്ചയത്തിന്റെ വ്യാപ്തിയിൽ ക്ഷേത്രപ്രവേശനം ഉൾപ്പെടുമെന്നു പറഞ്ഞതു ശരിയാണു്. പക്ഷെ ഗവർമ്മെൻറു ക്ഷേത്രപ്രവേശനം ഒഴി

LIBRARY ARCHIVES Kerala Legislative Assembly

ച്ചു ഈ നിശ്ചയം സ്വീകരിച്ചാൽ മതി. തല്ക്കാലം പബ്ലിക്ക് റോഡുകളും സ്ഥാപനങ്ങളിലുമെങ്കിലും പ്രവേശനത്തിനു സംശയമില്ലാത്ത സ്ഥിതി വരുത്തട്ടെ. അതുകൊണ്ടു ക്ഷേത്രപ്രവേശനത്തിന്റെ കാര്യം പറഞ്ഞു ഈ നിശ്ചയത്തെ തള്ളേണ്ട.

Mr. T. S. Balarama Ayyar.—Mr. President, Sir, rising to speak on this resolution I find myself in what is colloquially called "Dharmasankatam" ie; conflict of duties .I cannot oppose the resolution because I approve of the principle underlying this resolution. Neither can I support it because I find it is worded in a most unsatisfactory form. The resolution aims at the removal of disabilities which certain classes of His Highness' subjects are labouring under, disabilities which are brought about by their being born in a particular community, disabilities which would not have existed if they had been born in any other communities. It is certainly time enough that disabilities which some of His Highness' subjects, for reason of their having been born in a particular community, are labouring under, should be removed. But that is certainly different from asking for a Proclamation to remove untouchability and unapproachability. Let us pause and think why it is that the mighty British Government have not yet thought it fit to abolish untouchability and unapproachability by a Royal Proclamation. Let us again ask why Muhammadan States like Hyderabad or Bhopal have not yet thought it fit to abolish untouchability and unapproachability by the magic want of a Royal Proclamation. Let us also ask the question whether the co-religionists of His Majesty the King Emperor are labouring under any disabilities. It will be an insult to His Majesty the King Emperor if his co-religionists are groaning under disabilities. It therefore certainly follows that the Christians and Muhammadans certainly do not fancy that they are groaning under any disability. It must be because that they enjoy certain rights and privileges. It is for us to consider seriously to try to find out whether the so called depressed classes are not enjoying those rights and privileges which the Christians and Muhammadans are enjoying. It will have to be admitted that, if they enjoy or if they are enabled to enjoy all those rights and privileges which the co-religionists of His Majesty the King Emperor are enjoying, they shall cease to be labouring under any sort of disabilities. I am at one with all who think that they should be allowed all privileges and rights which the Christians and Muhammadans are enjoying. But, as I said before, that is certainly different from asking for a Royal Proclamation to abolish untouchability and unapproachability. There are so many vexed questions

LIBRARY ARCHIVES Kerala Legislative Assembly

like temple entry and till those questions are solved, a general Proclamation abolishing untouchability and unapproachability may have far-reaching consequences. While, therefor, ereiterating that I support the principle underlying this resolution, I am sorry I cannot support the resolution in its present form.

Mr. T. S. Narayana Ayyar.—Sir, Government are not opposed to the principle underlying this resolution and will be prepared to accept it to the extent to which it will be possible for Government to implement it. My attempt before the House will be to explain the circumstances under which Government find themselves unable to accept the resolution in the unqualified form in which it has been worded. I wish to touch on a few aspects of this problem, and I would ask the House to take a dispassionate, reasonable and practical view of this very vexed question.

For one thing, Government have never advocated, have never encouraged or recognised unapproachability or untouchability.

Dr. A. R. Menon.—I question that.

Mr. T. S. Narayana Ayyar.—Government institutions and Government communications are approachable and accessible to all classes of His Highness' subjects. Unapproachability or untouchability may be there; but Government as an administrative body do not recognise it. There is no occasion, then, for Government to repeal something which so far as they are concerned does not exist.

Mr. K. Ayyappan.—Can they enter the Fort road?

Mr. T. S. Narayana Ayyar.—I shall be dealing with the other aspects of the question by and by.

Mr. K. Ayyappan.—Then your statement does not stand.

Mr. T. S. Narayana Ayyar.—Government as an administrative body has not recognised it. That is the first point I wish to place before the House.

Dr. A. R. Menon.—On a point of order. May I know how the Government officials are treating this?

Mr. President —Government as an institution.

Mr. K. Ayyappan.—The Government have accepted the principle. Then why is it that they maintain untouchability? They maintain untouchability as regards the Fort roads.

LIBRARY ARCHIVES Kerala Legislative Assembly

Mr. President.—I have given an opportunity to the non-official Members to speak after this.

Mr. T. S. Narayana Ayyar.—I am only taking up the position which has always been taken by Government in this Council on previous occasions also. There is, however, a particular aspect of the question. As pointed out by the Hon'ble the Diwan President, the management of many of the Devaswoms and other religious or charitable institutions is vested in Government. In such cases, where the practice of unapproachability or untouchability is part of the constitution of the trust according to their original foundation, it is not open to the trustee or the State to do anything which would be subversive of the nature of the original trust.

Mr. K. Ayyappan—That is not the latest law.

